**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4558** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (എ) | സഹകരണ മേഖലയിൽ 2024 -ൽ 01.03.2024 മുതൽ 31.03.2024 വരെ നവകേരളീയം കുടിശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നു. ടി പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചിട്ടില്ല.<br><br>സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസ് ഫെഡ്/ഹൗസിംഗ് സഹകരണ സംഘങ്ങൾ, സംസ്ഥാന/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ അതാത് മേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും ഗുണകരവുമായ ഒരു പദ്ധതി ആവിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. കേരള ബാങ്കിന് 30.06.2024 വരെ കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>കൂടാതെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക പരമാവധി കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ 31.03.2024- ലെ ബാക്കി നിൽപ്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കുന്നതിനായി ടി കേസുകളിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ഇളവുകളോടെ കുടിശ്ശിക അടച്ച് തീർത്ത് നടപടികളിൽ നിന്നും ഒഴിവാകുന്നതിനായി ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2024 മാർച്ച് 31 – ലെ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ട കുടിശ്ശിക വായ്പക്കാർക്ക് മാത്രമാണ് ടി പദ്ധതി പ്രകാരം ഇളവ് ലഭിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | 2010-ന് ശേഷം നിർധനരായ പട്ടികജാതി കുടുംബങ്ങൾ എടുത്ത വായ്പയിൽ വന്നിട്ടുള്ള കുടിശ്ശിക ഒഴിവാക്കുന്നതിനായി കടാശ്വാസ പദ്ധതി നടപ്പിലാക്കുമോ; | (ബി) | ഒന്നരലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി/പട്ടികവർഗ്ഗ/ പരിവർത്തിത ക്രൈസ്തവ വിഭാഗക്കാർ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ളതും, 31.03.2006- ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25000/- രൂപ വരെയുള്ള വായ്പകൾ സർക്കാരിന്റെ 12.11.2009 – ലെ സ.ഉ.(അച്ചടി)100/2009/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം എഴുതി തള്ളിയിട്ടുണ്ട്.<br><br>ഇതേ പദ്ധതിയിൻ കീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ളതും, 31.03.2006- ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000/- രൂപ വരെയുള്ള വായ്പകൾ സർക്കാരിന്റെ 10.12.2013- ലെ സ.ഉ.(അച്ചടി)99/2013/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരവും എഴുതി തള്ളിയിട്ടുണ്ട്.<br><br>കൂടാതെ ഇതേ പദ്ധതിയിൻ കീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ / ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010- ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1,00,000/- രൂപ വരെയുള്ള വായ്പകൾ സർക്കാരിന്റെ 30.03.2015- ലെ സ.ഉ.(അച്ചടി)24/2015/പജ. പവ.വിവ നമ്പർ ഉത്തരവ് പ്രകാരം എഴുതി തള്ളിയിട്ടുണ്ട്.<br><br>എന്നാൽ 31.03.2010- ന് ശേഷം നിർധനരായ പട്ടികജാതി കുടുംബങ്ങൾ എടുത്ത വായ്പയിൽ വന്നിട്ടുള്ള കുടിശ്ശിക ഒഴിവാക്കുന്നതിനായി പ്രത്യേക കടാശ്വാസ പദ്ധതികളൊന്നും തന്നെ നിലവിലില്ല. |
| (സി) | നിർധനരായ മത്സ്യത്തൊഴിലാളികളുടെ വായ്പ കുടിശ്ശിക ഒഴിവാക്കുന്നതിന് കടാശ്വാസ പദ്ധതി നടപ്പിലാക്കുമോ? | (സി) | നിർധനരായ മത്സ്യത്തൊഴിലാളികളുടെ വായ്പ കുടിശ്ശിക ഒഴിവാക്കുന്നതിന് കടാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സർക്കാരിന്റെ 06.12.2010- ലെ സ.ഉ (പി) 91/2010/മ.ത്.വ നമ്പർ ഉത്തരവിന്റേയും, സർക്കാരിന്റെ 05.08.2021- ലെ സ.ഉ.(സാധാ) നമ്പർ. 379/2021/മ.ത്.വ നമ്പർ ഉത്തരവിന്റേയും അടിസ്ഥാനത്തിലാണ് മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ